കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

**JANUARY 11 2023**



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# മകരവിളക്ക് ദിവസം ശബരിമലയിലേക്ക് ഭക്തർക്ക് പ്രവേശനം ഉച്ചയ്ക്ക് 12 മണി വരെ മാത്രം

മകരവിളക്ക് ദർശന ദിവസമായ ജനുവരി 14 ന് ഉച്ചയ്ക്ക് 12 വരെ മാത്രമായിരിക്കും ഭക്തർക്ക് ശബരിമല സന്നിധാനത്തേക്ക് പ്രവേശനം. 12 ന് ശേഷം യാതൊരു കാരണവശാലും ഭക്തരെ പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് പ്രവേശിപ്പിക്കുന്നതല്ല. മകരസംക്രമ പൂജ 14 ന് രാത്രി 8.45 ന് നടക്കും. തുടർന്ന് പിറ്റെ ദിവസമായിരിക്കും ഭക്തരെ പ്രവേശിപ്പിക്കുക.

മകരവിളക്ക് ദർശനത്തിനു മുന്നോടിയായുള്ള ഒരുക്കങ്ങൾ ശബരിമല സന്നിധാനത്ത് പൂർത്തിയായി. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമുള്ള സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കും. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും തിരക്ക്

നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കും. മകരജ്യോതി ദർശനത്തിനുള്ള എല്ലാ പോയിന്റുകളിലും ശക്തമായ സുരക്ഷയൊരുക്കാൻ ശബരിമല എഡിഎം പി. വിഷ്ണുരാജിന്റെ നേതൃത്വത്തിൽ ചേർന്ന വിവിധ വകുപ്പുകളുടെ ഏകോപന യോഗത്തിൽ തീരുമാനമായി.

മകരവിളക്ക് ദർശനത്തിനുള്ളിൽ ഓരോ പോയിന്റുകളിലും പരമാവധി തങ്ങാൻ കഴിയുന്ന ഭക്തരുടെ ഏകദേശ എണ്ണം പോലീസ് നിർണ്ണയിച്ചിട്ടു ്. ഇത് പാലിക്കപ്പെടുന്നവെന്ന് ഉറപ്പാക്കുന്ന വിധത്തിൽ പോലീസ് ക്രമീകരണം ഏർപ്പെടുത്തും. പാ ിത്താവളത്ത് 26000 പേർക്കും ശ്രീകോവിൽ പരിസരത്ത് മൂവായിരം പേരെയും ഉൾക്കൊള്ളാനാകുമെന്നാണ് പോലീസ് പ്രതീക്ഷിക്കുന്നത്. ബാരിക്കേഡുകൾ, ലൈറ്റിംഗ് സൗകര്യങ്ങൾ, വൈദ്യസഹായം, കുടിവെള്ളം, സ്ട്രെച്ചറുകൾ, ഓക്സിജൻ സിലി റുകൾ തുടങ്ങിയ സജ്ജീകരണങ്ങൾ ഏർപ്പെടുത്തും. മകരവിളക്ക് ദിവസത്തെ ഭക്തജനത്തിരക്ക് ക്രമീകരിക്കുന്നതിനും ഭക്തർക്ക് റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും സന്നിധാനത്തെ മുഴുവൻ സന്നദ്ധ പ്രവർത്തകരുടെയും സേവനം പൂർണ്ണമായി വിനിയോഗിക്കും.

മകരവിളക്ക് ദർശനത്തോടനുബന്ധിച്ച് ആരോഗ്യ സംവിധാനങ്ങൾ ശക്തമാക്കും. ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തും.
മകരജ്യോതി ദർശനത്തിനായി ഏറ്റവും കൂടുതൽ ഭക്തർ എത്തുന്ന പാ ിത്താവളത്ത് ആരോഗ്യവകുപ്പ് താത്കാലിക ആശുപത്രിയും അടിയന്തര ചികിത്സാ സംവിധാനവുമൊരുക്കും. 16 സ്ട്രെച്ചറുകൾ വിവിധ കേന്ദ്രങ്ങളിലായു ാകും. അവശ്യ മരുന്നുകളും സംഭരിച്ചിട്ടു ്. കൂടുതൽ ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാക്കും. പാ ിത്താവളത്തെ എമർജൻസി മെഡിക്കൽ സെന്ററിൽ എല്ലാവിധ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടു ്. നാല് സ്റ്റാഫ് നഴ്സുകളും ഓക്സിജൻ സിലി ർ അടക്കമുള്ള സംവിധാനങ്ങളോട് കൂടിയ ട്രയാജ് സൗകര്യമാണ് ഇവിടെ ഒരുക്കുന്നത്. ഏതെങ്കിലും രീതിയിലുള്ള അപകടമു ായാൽ അതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ക്രമീകരിച്ചിട്ടു ്. അപകടത്തിൽ നിന്നുള്ള പരിക്കിന്റെ ആഘാതമനുസരിച്ച് ഗ്രീൻ, യെല്ലോ, റെഡ് വിഭാഗങ്ങളിലായി രോഗികളെ തിരിച്ച് ടാഗ് ചെയ്തായിരിക്കും ചികിത്സ ലഭ്യമാക്കുക. ഗുരുതരാവസ്ഥയിലുള്ള രോഗികളെ റെഡ് സോണിലും അതിലും കുറഞ്ഞ പരിക്കുള്ളവരെ യെല്ലോ സോണിലും നിസാര പരിക്കുള്ളവരെ ഗ്രീൻ സോണിലും ഉൾപ്പെടുത്തിയാകും ടാഗ് ചെയ്യുക. റെഡ്, യെല്ലോ വിഭാഗത്തിലുള്ളവരെ മാത്രമേ സന്നിധാനത്തെ ഗവ. ആശുപത്രിയിൽ പ്രവേശിപ്പിക്കുക. ഗ്രീൻ സോണിലുള്ളവരെ ഹെൽത്ത് ഇൻസ്പെക്ടർ ബംഗ്ലാവിലുള്ള ആശുപത്രിയിലാണ് എത്തിക്കുക. ര ് ഡോക്ടർമാരും ആറ് സ്റ്റാഫ് നഴ്സുകളും മറ്റ് അനുബന്ധ ജീവനക്കാരുമാണ് ഇവിടെയുള്ളത്. ഗ്രീൻ സോണിലുള്ള കൂടുതൽ രോഗികളെ പ്രവേശിപ്പിക്കേ സാഹചര്യമു ായാൽ

സന്നദ്ധ പ്രവർത്തകരുടെ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തും. ര ് ഡോക്ടർമാർ ഉൾപ്പടെ 15 ബെഡുകളുള്ള സൗകര്യമാണ് ഇവിടെയുള്ളത്. 20 ബെഡുകളുള്ള സഹാസ് ആശുപത്രിയും പ്രയോജനപ്പെടുത്തും. ഏറ്റവും ഗുരുതരാവസ്ഥയിലുള്ള രോഗികളെ മാത്രമായിരിക്കും സന്നിധാനം ആശുപത്രിയിൽ പ്രവേശിപ്പിക്കുക. ഒരു ആംബുലൻസ് സന്നിധാനം ആശുപത്രിക്ക് മുന്നിലും മറ്റൊരു ഓഫ് റോഡ് ആംബുലൻസ് പാ ിത്താവളത്തും സജ്ജമാക്കും.

തിരക്ക് കൂടുതലുള്ള സ്ഥലങ്ങളിൽ പൊതുവായ നിർദേശങ്ങളും അറിയിപ്പുകളും നൽകുന്നതിനു പകരം മെഗാഫോൺ വഴി പ്രത്യേക നിർദേശങ്ങൾ നൽകും. സന്നിധാനത്ത് പാചകം ചെയ്യുന്നതിനും തീ കത്തിക്കുന്നതിനും കർശന നിരോധനമേർപ്പെടുത്തിയിട്ടു ്. ട്രാക്ടറുകളിൽ ഗ്യാസ് സിലി റുകളും അടുപ്പുകളും കൊ ു പോകുന്നതും തടയും. ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന കർശനമാക്കും. കടകളിൽ വലിയ പാത്രങ്ങൾ വിൽക്കുന്നത് തടയും. വലിയ പാത്രങ്ങളും മറ്റും വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കും. വനത്തിനുള്ളിൽ ഷെഡ് കെട്ടി കഴിയുന്നവരെ ക ത്തി ഒഴിപ്പിക്കാൻ വനം വകുപ്പിന്റെയും പോലീസിന്റെയും നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തും.

ഭക്തർ വരി നിൽക്കുന്ന യു-ടേണുകളിൽ ബാരിക്കേഡുകളുടെ ഉയരം കൂട്ടുന്നതിന് നടപടി സ്വീകരിക്കും. ബാരിക്കേഡിനുള്ളിലൂടെ ഭക്തർ നുഴഞ്ഞുകയറുന്നത് തടയുന്നതിനാണിത്. തിരക്ക് നിയന്ത്രിക്കുന്നതിനായി വനം വകുപ്പിന്റെയും പോലീസിന്റെയും എൻഡിആർഎഫിന്റെയും നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കും.

മകരവിളക്ക് ദർശനത്തോടനുബന്ധിച്ച് ഭക്തർ തിരിച്ചിറങ്ങുന്ന പോയിന്റുകൾ വർധിപ്പിക്കാൻ പോലീസിന്റെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി തയാറാക്കിയിട്ടു ്. പാ ിത്താവളത്തിൽ നിന്നെത്തുന്നവരെ ര ് വഴികളിലേക്കായി തിരിച്ച് വിട്ട് തിരക്ക് കുറയ്ക്കും. ബാരിക്കേഡുകൾ ശക്തമാക്കും. 13 -ാം തീയതിയോടെ വേ ടു പമ്പ ബോർഡുകൾ സ്ഥാപിക്കും. ഭക്തർ നുഴഞ്ഞുകയറാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കൂടുതൽ ബാരിക്കേഡുകൾ സ്ഥാപിക്കും. കൂടുതൽ ലൈറ്റുകളും സ്പോട്ട് ലൈറ്റുകളും സ്ഥാപിക്കും. മകരവിളക്ക് ദിനത്തിലും തൊട്ടടുത്ത ദിവസങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തിയിട്ടു ്. ദർശന പോയിന്റുകളിൽ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് 42 കുടിവെള്ള ടാപ്പുകൾ അധികമായി സ്ഥാപിച്ചിട്ടു ്.

പരാതികളില്ലാത്ത ഒരു തീർഥാടനകാലം ഒരുക്കുന്നതിനായി എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടു ന്ന് എഡിഎം പി. വിഷ്ണുരാജ് പറഞ്ഞു.

വിവിധ വകുപ്പുകൾ മണ്ഡലകാലത്തെ സഹകരണം തുടർന്നും നൽകണമെന്നും അദ്ദേഹം പറഞ്ഞു.

സന്നിധാനം ഗസ്റ്റ് ഹൗസിൽ നടന്ന യോഗത്തിൽ സന്നിധാനം സ്പെഷ്യൽ ഓഫീസർ ഇ.എസ്. ബിജുമോൻ, ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ, അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ ആർ. പ്രതാപൻ നായർ, ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡന്റ് വിജയൻ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി- 260)

## ചികിത്സ മാത്രമല്ല ഈ നാൽവർ സംഘത്തിന് പാട്ടും വഴങ്ങും; പതിവ് തെറ്റിക്കാതെ ഭക്തിഗാനാർച്ചനയുമായി ഡോക്ടർമാർ

സന്നിധാനത്തെത്തുന്ന അയ്യപ്പ ഭക്തർക്ക് ചികിത്സ നൽകുക മാത്രമല്ല ഭക്തി ഗാനാർച്ചനയിലൂടെ
ഭക്തരുടെ മനം കുളിർപ്പിക്കുക കൂടിയാണ് സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ സേവനത്തിനായി എത്തിയ ഡോക്ടർമാരായ നാല് പേർ. സേവനത്തിനൊപ്പം ഭക്തി ഗാനാർച്ചനയുമൊരുക്കുക നിയോഗമെന്നുറപ്പിച്ചായിരുന്നു ഇവർ ബുധനാഴ്ച്ച രാവിലെ ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ ഗാനങ്ങൾ ആലപിച്ചത്. ഇ എൻ ടി വിഭാഗത്തിലെ ഡോ. മണികണ്ഠൻ, പീഡിയാട്രീഷൻ ഡോ.രഞ്ജിത്ത്, സർജറി വിഭാഗത്തിലെ ഡോ. അരുൺ, ഓർത്തോ വിഭാഗത്തിലെ ഡോ.അനൂപ്
എന്നീ നാലംഗ സംഘമാണ് ഭക്തിഗാനാർച്ചനക്ക്
നേതൃത്വം നൽകിയത്.

അയ്യപ്പ സന്നിധാനത്ത് ഗാനാർച്ചന നടത്തുന്ന ഡോ. മണികണ്ഠന്റെ പതിവിന് ഒന്നരപതിറ്റാ ിലേറെ പഴക്കമു ്. മറ്റ് മൂവരും കഴിഞ്ഞ ഏതാനും വർഷങ്ങളായി സന്നിധാനത്തെത്തി ഡോ. മണികണ്ഠനൊപ്പം ചേർന്ന് ഗാനങ്ങളാലപിച്ച് ഭക്തിഗാനാർച്ചനയിലൂടെ സായൂജ്യമണയുന്നു. സന്നിധാനത്തെ സർക്കാർ ആശുപത്രിയിലേക്ക് സേവനം ചോദിച്ച് വാങ്ങിയായിരുന്നു ഇത്തവണയും ഈ ഡോക്ടർമാർ മലകയറി സേവനത്തിനെ ത്തിയത്. കർമ്മനിരതരാകുന്നതിനൊപ്പം ഭക്തിയിൽ ലയിച്ച മനസുമായെത്തി ആലപിച്ച ഗാനങ്ങൾക്ക് ഒഴുക്കേകി

ഡോ.അരുൺ ഓടക്കുഴലിലും സംഗീത ഗാനാർച്ചനയൊരുക്കി. നിറഞ്ഞ മനസ്സോടെയും അതിലേറെ സന്തോഷത്തോടെയുമാണ് സന്നിധാനത്തെത്തി ഭക്തർക്കായി സേവനം അനുഷ്ഠിക്കുന്നതെന്ന് ഈ ഡോക്ടർമാർ പറഞ്ഞു. ഡോ. മണികണ്ഠൻ ഇടുക്കി സ്വദേശിയും ഡോ. അരുൺ ചങ്ങനാശ്ശേരി സ്വദേശിയും ഡോ.അനൂപ് കോഴിക്കോട് സ്വദേശിയും ഡോ.രഞ്ജിത്ത് കണ്ണൂർ പയ്യന്നൂർ സ്വദേശിയുമാണ്. ശാസ്ത്രീയമായി സംഗീതം അഭ്യസിച്ചിട്ടില്ലെങ്കിലും കടിഞ്ഞാണിടാനാകാത്ത ആഗ്രഹത്തിന്റെ പിൻബലമാണ് ഈ നാലംഗ സംഘത്തെ ഭക്തിഗാനാർച്ചനക്കായി വേദിയിലെത്തി ക്കുന്നത്.

(പി.ആർ. ശബരി- 261)

